പത്രക്കുറിപ്പ്
13-01-2019

**ജെൻഡർ സെൽഫ് ലേണിങ് പ്രോഗ്രാം (സ്ത്രീ പദവി സ്വയംപഠന പ്രക്രിയ) നാലാംഘട്ടത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 14ന്**

---

തിരുവനന്തപുരം: സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ 2007 മുതൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന ജെൻഡർ സെൽഫ് ലേണിങ് പ്രോഗ്രാമിന്റെ (സ്ത്രീ പദവി സ്വയംപഠന പ്രക്രിയ) നാലാം ഘട്ടത്തിന്റെ അയൽക്കൂട്ടതല ക്യാമ്പെയ്ൻ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 14 ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിക്കും. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് ഹാളിൽ രാവിലെ 9ന് നടക്കുന്ന ചടങ്ങിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും കുടുംബശ്രീ ഗവേണിങ് ബോഡി അംഗവുമായ മേരി തോമസ് അധ്യക്ഷത വഹിക്കും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറ്കടർ എസ്. ഹരികിഷോർ ഐഎഎസ് പദ്ധതി അവതരണം നടത്തും. തൃശ്ശൂർ കോർപ്പറേഷൻ മേയർ അജിത വിജയൻ, തൃശ്ശൂർ ജില്ലാ കളക്ടർ ടി.വി. അനുപമ എന്നിവർ മുഖ്യാതിഥികളാകും.

11 വർഷങ്ങളായി നടത്തുന്ന സ്ത്രീ പദവി സ്വയംപഠന പ്രക്രിയ വഴി സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അരക്ഷിതാവസ്ഥാ പഠനം, കുറ്റകൃത്യങ്ങളുടെ മാപ്പിങ്, നീതം ക്യാമ്പെയ്ൻ, പുസ്തക യാത്ര എന്നിവയെല്ലാം ഈ പ്രക്രിയയുടെ അനന്തരഫലമായി കുടുംബശ്രീ മുൻകൈയെടുത്ത് നടത്തിയ പ്രവർത്തനങ്ങളാണ്. സ്ത്രീയും തൊഴിലും, സ്ത്രീയും ആരോഗ്യവും സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും എന്നീ വിഷയങ്ങൾ ഈ പ്രക്രിയയുടെ ഭാഗമായി കൈകാര്യം ചെയ്തു കഴിഞ്ഞു. കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ പരസ്പര സംവാദത്തിലൂടെയാണ് പഠന പ്രക്രിയ നടക്കുന്നത്. ലിംഗപദവി സമത്വവും നീതിയും എന്നതാണ് നാലാം ഘട്ടം. ഇതിന്റെ ഭാഗമായി വ്യത്യസ്തതയുള്ള ഇരുപതിലേറെ വിഷയങ്ങൾ അയൽക്കൂട്ട തലത്തിൽ ചർച്ച ചെയ്യും. ആറ് മാസക്കാലയളവിലാണ് പഠന പ്രക്രിയ നടക്കുക.

കുടുംബശ്രീയുടെ 2.77 ലക്ഷം അയൽക്കൂട്ടങ്ങളിലെ 43 ലക്ഷത്തോളം അംഗങ്ങളിലും അവരുടെ കുടുംബാംഗങ്ങളിലുമായി ചർച്ചയ്ക്കും പ്രവർത്തനത്തിനും സഹായകരമാകാനുള്ള പഠന സഹായിയും തയാറാക്കിയിട്ടുണ്ട്. പ്രവർത്തനത്തിന് നേതൃത്വം നൽകാനായി 14 ജില്ലകളിൽ നിന്നും 300 ഫെസിലിറ്റേറ്റർമാർക്ക് സംസ്ഥാനതല പരിശീലനം നൽകി ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഒരു അയൽക്കൂട്ടത്തിൽ നിന്ന് ഒരാളെ വീതം ഈ ഫെസിലിറ്റേറ്റർമാർ പരിശീലിപ്പിക്കുകയും അങ്ങനെ അയൽക്കൂട്ടങ്ങളെ ചർച്ചയ്ക്ക് സജ്ജരാക്കുകയും ചെയ്യും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ